കേരള കാർഷികസർവകലാശാല
പ്ലാന്റ് പ്രൊപ്പഗേഷൻ & നഴ്സറി മാനേജ്മെന്റ് യൂണിറ്റ്
വെള്ളാനിക്കര, തൃശ്ശൂർ 680 656
☎ 04872438620 ✉ centnursery@kau.in

സിഡി നം: 1045/2019 തീയതി: 26/09/2025

## ടെൻഡർ നോട്ടീസ്

കെ.എ.യു. ക്യാമ്പസിലെ വിവിധ ക്വാർട്ടേഴ്സ് കെട്ടിടങ്ങൾക്ക് ഭീഷണിയായി നിൽക്കുന്ന 136 മരങ്ങളുടെ ചില്ലകൾ താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി മുറിച്ച് മാറ്റി അന്നേ ദിവസം അട്ടി വയ്ക്കുന്നതിനും അവശിഷ്ടങ്ങൾ നിർദേശാനുസരണം നീക്കം ചെയ്യുന്നതിനും താല്പര്യമുള്ളവരിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ടെൻഡറുകൾ ക്ഷണിക്കുന്നു.

മരങ്ങൾ മുറിച്ച് മാറ്റിയ ശേഷം അട്ടി വയ്ക്കേണ്ട രീതി ചുവടെ ചേർക്കും വിധമാണ്.

- **തടി മൂല്യമുള്ളവ-** മുറിച്ച് അട്ടിവയ്ക്കേണ്ട നീളം ഓരോ മരത്തിന്റെയും ഇനത്തിനനുസരിച്ച് കമ്മിറ്റി നിർദേശിക്കുന്നതായിരിക്കും.
- **വിറക് മൂല്യമുള്ളവ-** 18 ഇഞ്ചിന് മുകളിൽ വണ്ണമുള്ളവ, 18 ഇഞ്ചിന് താഴെ വണ്ണമുള്ളവ എന്നിങ്ങനെ ഒരു മീറ്റർ നീളത്തിൽ മുറിച്ച് വേറെ വേറെ അട്ടിവയ്ക്കേണ്ടതാണ്.

| | |
|---|---|
| ടെൻഡർ ഫോറത്തിന്റെ വില | = 600 + 18% GST |
| നിരദ്രവ്യം (EMD) | = 7500 |
| സുരക്ഷിത നിക്ഷേപം (security deposit) | = 30000/- |
| ടെൻഡറുകൾ സ്വീകരിക്കുന്ന അവസാന തീയതി | = 10/10/2025 11.00 മണി വരെ |

നിബന്ധനകൾ

1. ടെൻഡർ ഫോം കേരള കാർഷിക സർവകലാശാലയുടെ http://www.kau.in/tenders എന്ന വെബ്സൈറ്റിൽ നിന്നും ഡൌൺലോഡ് ചെയേണ്ടതാണ്. ടെൻഡർ ഫോറത്തിന്റെ തുക പണമായോ അസ്സിസ്റ്റന്റ് പ്രൊഫസർ & ഹെഡ്, പി.പി.എൻ.എം.യു. എന്ന പേരിൽ SBI KAU Branch (IFSC: SBIN0070670) ടെൻഡർ കോസ്റ്റ്, GST എന്നിവ വെവ്വേറെ DD ആയോ ടെൻഡർ ഫോമിനോപ്പം സമർപ്പിക്കേണ്ടതാണ്. ടെൻഡർ സമർപ്പിക്കുന്ന വ്യക്തികൾ പാൻ കാർഡ് ഹാജരാക്കേണ്ടതാണ്.
2. സീൽ ചെയ്ത ടെൻഡറുകൾ "ക്വാർട്ടേഴ്സുകൾക്ക് ഭീഷണിയായ മരങ്ങളുടെ ശാഖകൾ മുറിക്കുന്നതിനുള്ള ടെൻഡർ" എന്നെഴുതി നിശ്ചിത സമയത്തിനുള്ളിൽ അസിസ്റ്റന്റ് പ്രൊഫസർ & ഹെഡ്, പി.പി.എൻ.എം.യു., വെള്ളാനിക്കര Pin: 680656 എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.
3. നിരദ്രവ്യം - ടെൻഡർ ഫോം സമർപ്പിക്കുന്നവർ 7500/- രൂപ നിരദ്രവ്യമായി അടയ്ക്കേണ്ടതാണ്. ടി തുകയും മേൽ പറഞ്ഞ പ്രകാരം പണമായോ DD യോ ഒടുക്കാവുന്നതാണ്. ടെൻഡർ ഉറപ്പിക്കുന്ന പക്ഷം ടി തുക സുരക്ഷിത നിക്ഷേപത്തിലേക്ക് വകയിരുത്തുന്നതാണ്.
4. ടെൻഡറുകൾ 10/10/2025 ന് 11 മണി വരെ മാത്രമേ സ്വീകരിക്കൂ. അന്നേ ദിവസം 11.30 ന് കമ്മിറ്റി അംഗങ്ങളുടെയും ഹാജരായ വ്യക്തികളുടെയും മുൻപാകെ തുറക്കുന്നതും ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയിരിക്കുന്ന ടെൻഡർ

ഉറപ്പിക്കുന്നതുമായിരിക്കും. അന്നേ ദിവസം ഹർത്താലോ, ബന്ദോ, അവധിയോ ആയാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ടെൻഡർ തുറക്കുന്നതായിരിക്കും.

5. ടെൻഡർ ഉറപ്പിച്ച് കിട്ടുന്ന വ്യക്തി വർക്ക് ഓർഡർ നൽകി 7 ദിവസത്തിനകം സർവകലാശാലയുമായി **200/-** രൂപയുടെ മുദ്ര പത്രത്തിൽ എഗ്രിമെന്റ് വയ്ക്കേണ്ടതും, **30,000/-** രൂപ (മുപ്പതിനായിരം രൂപ) സെക്യൂരിറ്റി ഡിപ്പോസിറ്റായി അടയ്ക്കേണ്ടതും എഗ്രിമെന്റ് തീയതി മുതൽ **30** പ്രവൃത്തി ദിവസത്തിനകം ജോലി പൂർത്തിയാക്കേണ്ടതുമാണ്. ശേഷമുള്ള ദിവസങ്ങൾക്ക് സർവകലാശാല ചട്ട പ്രകാരമുള്ള പിഴ ഈടാക്കുന്നതാണ്.
6. ടെൻഡറിൽ പങ്കെടുക്കുന്ന വ്യക്തി പാൻ കാർഡ് നിർബന്ധമായും ഹാജരാക്കേണ്ടതാണ്. കരാറുകാരന് അനുവദിക്കുന്ന തുകയിൽ നിന്ന് **1 %** ആദായ നികുതി ഈടാക്കുന്നതാണ്. പാൻകാർഡ് ആധാർ കാർഡുമായി ലിങ്ക് ചെയ്തിട്ടില്ലാത്ത പക്ഷം **10 %** ആദായ നികുതി ഈടാക്കുന്നതാണ്.
7. മരം മുറിക്കൽ, നിർദിഷ്ട സ്ഥലത്ത് അട്ടി വയ്ക്കൽ, ഇലയടക്കമുള്ള വേസ്റ്റ് നിർമ്മാർജ്ജനം എന്നീ ജോലികൾക്ക് ആകെ വേണ്ടി വരുന്ന തുകയാണ് ടെൻഡറിൽ രേഖപ്പെടുത്തേണ്ടത്. മേൽ പ്രവൃത്തികളിൽ ഉടനീളം കമ്മിറ്റിയുടെ നിർദേശങ്ങൾ പൂർണ്ണമായും പാലിക്കേണ്ടതാണ്.
8. ക്വാർട്ടേഴ്സ് കെട്ടിടങ്ങൾക്കോ, സമീപത്തെ നിർമ്മിതികൾക്കോ, വൈദ്യുത ലൈനിനോ യാതൊരു കേടുപാടും കൂടാതെ പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കേണ്ടതാണ്. ഏതെങ്കിലും വിധത്തിലുള്ള നാശ നഷ്ടങ്ങൾ ഉണ്ടാകുന്ന പക്ഷം ആയത് ടെൻഡർ ഉറപ്പിച്ച വ്യക്തിയിൽ നിന്നും ഈടാക്കുന്നതാണ്.
9. ടെൻഡർ കമ്മിറ്റി അംഗങ്ങളുടെയോ കമ്മിറ്റി നിയോഗിച്ച ഉദ്യോഗസ്ഥരുടെയോ സാമീപ്യത്തിൽ മാത്രമേ ജോലി ചെയ്യാൻ പാടുള്ളൂ.
10. ജോലിക്കാവശ്യമായ ജോലിക്കാരെയും, പണിയായുധങ്ങളും മറ്റ് അനുബന്ധ സാമഗ്രികളും കരാറുകാരൻ സ്വന്തം ചെലവിൽ ഏർപ്പാടാക്കേണ്ടതാണ്. അവരുടെ സേവന വേതന വ്യവസ്ഥകളിൽ സർവകലാശാലയ്ക്ക് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.
11. പ്രവൃത്തി നടക്കുന്ന സമയത്തെ സുരക്ഷ മുൻകരുതലുകൾ കരാറുകാരൻ സ്വീകരിക്കേണ്ടതാണ്. പ്രവൃത്തി സമയത്ത് കരാറുകാരനോ കരാറുകാരൻ നിയോഗിച്ച ജോലിക്കാർക്കോ ഏതെങ്കിലും വിധത്തിലുള്ള അപകടം ഉണ്ടായാൽ ആയതിനു സർവകലാശാലയ്ക്ക് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.
12. ടെൻഡർ പ്രകാരം കരാറുകാരന് ലഭിക്കുന്ന അവകാശം കൈമാറ്റം ചെയ്യാൻ പാടില്ലാത്തതാണ്.
13. ഏതു ടെൻഡറും സ്വീകരിക്കുന്നതിനും, മാറ്റി വയ്ക്കുന്നതിനും കാരണം കാണിക്കാതെ നിരാകരിക്കുന്നതിനുമുള്ള അധികാരം ടെൻഡർ കമ്മിറ്റിയിൽ നിക്ഷിപ്തമാണ്.
14. സർക്കാരിന്റെയും സർവകലാശാലയുടെയും ടെൻഡറുകളുടെ പൊതുവായ വ്യവസ്ഥകൾ ഈ ടെൻഡറിനും ബാധകമായിരിക്കുന്നതാണ്.
15. മരങ്ങൾ കാണുന്നതിനും കൂടുതൽ വിവരങ്ങൾക്കും പ്രവൃത്തി ദിവസങ്ങളിൽ ഓഫീസുമായി ബന്ധപ്പെടുക.
16. നിശ്ചിത മാതൃകയിൽ അല്ലാത്ത ടെൻഡറുകൾ നിരസിക്കുന്നതായിരിക്കും. ടെൻഡറുകൾ അംഗീകരിക്കുന്നതിനും നിരാകരിക്കുന്നതിനുമുള്ള പൂർണ്ണ അധികാരം കമ്മിറ്റിയ്ക്കുണ്ടായിരിക്കുന്നതാണ്.

**ഡോ.അനുപമ ടി.വി.**

**അസിസ്റ്റന്റ് പ്രൊഫസർ & ഹെഡ്**